# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജനുവരി 24**

---

## ഹ്യുമാനിറ്റീസ് ഗവേഷകർക്കും അധ്യാപകർക്കുമായി ഡി. വിനയചന്ദ്രൻ സ്മാരക ശിൽപ്പശാലകൾ

പ്രഫ. ഡി. വിനയചന്ദ്രൻ സ്മാരക വാർഷിക പരിപാടികളുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സ് ഗവേഷകർക്കും പുതിയതായി നിയമിക്കപ്പെട്ട റിസർച്ച് സൂപ്പർവൈസർമാർക്കുമായി ദേശീയ ശിൽപ്പശാലകൾ നടത്തുന്നു. ഗവേഷകർക്ക് ഫെബ്രുവരി എട്ട്, ഒൻപത് തീയതികളിലും റിസർച്ച് സൂപ്പർവൈസർമാർക്ക് ഫെബ്രുവരി 10,11 തീയതികളിലും സ്കൂൾ ഓഫ് ലെറ്റേഴ്സ് സെമിനാർ ഹാളിലാണ് ശിൽപ്പശാല.

യുവ ഗവേഷകരെയും അധ്യാപകരെയും ഇംഗ്ലീഷ് അധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും പ്രഫഷണൽ രീതികൾ പരിചയപ്പെടുത്തുകയാണ് അദ്യ പരിപാടിയുടെ ലക്ഷ്യം. ഹ്യുമാനിറ്റീസിൽ ഗവേഷണം നടത്താൻ താത്പര്യമുള്ള, ഇതുവരെ ഡോക്ടറൽ പ്രോഗ്രമിന് രജിസ്റ്റർ ചെയ്യാത്തവർക്ക് പങ്കെടുക്കാം.

രണ്ടാമത്തെ ശിൽപ്പശാലയിൽ പുതിയ റിസർച്ച് സൂപ്പർവൈസർമാർക്കും ഡോക്ടറൽ കമ്മിറ്റി അംഗങ്ങൾക്കും സംവദിക്കുന്നതിനും അറിവും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിനും അവസരമുണ്ടാകും. സമീപ കാലത്ത് റിസർച്ച് സൂപ്പർവൈസർമാരായി നിയമിതരായ ഫാക്കൽറ്റി അംഗങ്ങൾക്ക് പങ്കെടുക്കാം.

ഹൈദരാബാദ് സർവകലാശാലയിലെ ലിറ്ററി ആന്റ് കൾച്ചറൽ തിയറി ചെയറിന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ചെയർ പ്രഫസർ കെ. നാരായണചന്ദ്രൻ, പ്രഫ. പി.പി. രവീന്ദ്രൻ, ബാംഗ്ലൂർ സർവകലാശാലയിലെ പ്രഫ. ചിത്ര പണിക്കർ, കണ്ണൂർ സർവകലാശാലയിലെ ഇംഗ്ലീഷ് വകുപ്പ് മേധാവി ഡോ. കെ.കെ കുഞ്ഞമ്മദ് തുടങ്ങിയവാണ് റിസോഴ്സ് പേഴ്സൺമാർ.

ശിൽപ്പശാലകളിൽ പങ്കെടുക്കുന്നതിന് ഫെബ്രുവരി അഞ്ചുവരെ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾ 9999724254 എന്ന നമ്പരിലും p.rohith@gmail.com എന്ന ഇമെയിൽ വിലാസത്തിലും ലഭിക്കും.

(പി.ആർ.ഒ/39/89/2024)

## ഇൻഡസ്ട്രിയൽ കൺസോർഷ്യം; വ്യവസായ സ്ഥാപനങ്ങളിൽനിന്ന് താത്പര്യപത്രം ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ പുതിയതായി ആരംഭിക്കുന്ന ട്രാൻസ് ലേഷണൽ റിസർച്ച് സെന്റർ, സെന്റർ ഫോർ എക്സലൻസ് ഇൻ നാനോസയൻസ് എന്നിവയുടെ ഭാഗമായി രൂപീകരിക്കുന്ന ഇൻഡസ്ട്രിയൽ കൺസോർഷ്യത്തിൽ പങ്കാളികളാകുന്നതിന് വ്യവസായ സ്ഥാപനങ്ങളിൽനിന്ന് താത്പര്യപത്രം ക്ഷണിച്ചു.

കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കുന്ന കേന്ദ്രങ്ങൾ വ്യവസായ മേഖലയുടെ സഹകരണത്തോടെയാകും പ്രവർത്തിക്കുക. കൃഷി, ആരോഗ്യം, റൂറൽ ടെക്നോളജി, ഭക്ഷ്യസുരക്ഷ തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങളാണ് ട്രാൻസ് ലേഷണൽ റിസർച്ച് സെന്ററിൽ പ്രധാനമായും നടക്കുക. സമൂഹത്തിന് ഗുണകരമാകുന്ന ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഗവേഷണ കണ്ടുപിടുത്തങ്ങൾക്ക് പേറ്റന്റ് നേടി വ്യവവസായിക സാധ്യതകൾ പ്രയോജനപ്പെടുത്തുകയുമാണ് ലക്ഷ്യം.

താത്പര്യപത്രം ജനുവരി 31ന് വൈകുന്നേരം അഞ്ചിനു മുൻപ് biic@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കണം. ഫോൺ–9847901149.

(പി.ആർ.ഒ/39/90/2024)

## പരീക്ഷകൾ മാറ്റി

അഞ്ചാം സെമസ്റ്റർ ബി.വോക് വിഷ്വൽ മീഡിയ ആൻറ് ഫിലിം മേക്കിംഗ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ) പ്രോഗ്രാമിന്റെ ജനുവരി 29,31, ഫെബ്രുവരി രണ്ട് തീയതികളിൽ നടത്താനിരുന്ന പരീക്ഷകൾ യഥാക്രമം ഫെബ്രുവരി അഞ്ച്, ഏഴ്, ഒൻപത് തീയതികളിലേയ്ക്ക് മാറ്റിവച്ചു. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/91/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സിവിൽ സർവീസ് പരീക്ഷാ പരിശീലന കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ ഈ മാസം 29,30,31 തീയതികളിൽ സ്പോട്ട് അഡ്മിഷന് ഹാജരാകണം. ഫോൺ– 9188374553.

(പി.ആർ.ഒ/39/92/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

മാർച്ച് അഞ്ചിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഡ്(സ്പെഷ്യൽ

എജ്യുക്കേഷൻ - ഇന്റലക്ച്വൽ ഡിസെബിലിറ്റി ദ്വിവത്സരം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് ഫെബ്രുവരി 13 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഫൈനോടു കൂടി ഫെബ്രുവരി 15 വരെയും സൂപ്പർഫൈനോടു കൂടി ഫെബ്രുവരി 16നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/93/2024)

## വൈവ വോസി

നാലാം സെമസ്റ്റർ പ്രൈവറ്റ് എം.എ ഇംഗ്ലീഷ്(2021 അഡ്മിഷൻ റഗുലർ - ജൂൺ 2023) പരീക്ഷയുടെ കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ ജനുവരി 30 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിദ്യാർഥികൾ ഡിസ്സെർട്ടേഷൻ(ലോംഗ് എസ്സെ) തയ്യാറാക്കി പരീക്ഷയ്ക്കു ഹാജരാകുമ്പോൾ സമർപ്പിക്കണം.

(പി.ആർ.ഒ/39/94/2024)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് ഫാഷൻ ഡിസൈൻ ആന്റ് മാനേജ്മെന്റ്, ബി.വോക് ഫാഷൻ ടെക്നോളജി, ബി.വോക് ഫാഷൻ ടെക്നോളജി ആന്റ് മർച്ചൻഡൈസിംഗ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 - 2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം, ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 29ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................................

ഒന്നാം വർഷ എം.എസ്.സി മെഡിക്കൽ മൈക്രോബയോളജി(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷൻ സപ്ലിമെൻററി, 2016-2018 അഡ്മിഷനുകൾ മെഴ്സി ചാൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 30 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/95/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**